# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2395

## 05.11.2019 - ലെ മറുപടിയ്ക്ക്

### സർക്കാർ വകുപ്പുകളിൽ ഇ-ബിൽ സമ്പ്രദായം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സർക്കാർ വകുപ്പുകളിൽ ഇ-ബിൽ സമ്പ്രദായം നടപ്പാക്കിയിട്ടുണ്ടോ; ഈ സമ്പ്രദായത്തിന്റെ പ്രധാന സവിശേഷതകൾ വിശദീകരിക്കുമോ; | ഇ-ബിൽ സമ്പ്രദായം സർക്കാർ വകുപ്പുകളിൽ നടപ്പാക്കിയിട്ടുണ്ട്. ഓൺലൈനായി Spark, Bims, EMLI, Saankhya ആപ്ലിക്കേഷനുകൾ മുഖേന തയ്യാറാക്കുന്ന ബിൽ ബന്ധപ്പെട്ട ട്രഷറിയിലേക്ക് ഇ-സബ്മിറ്റ് ചെയ്യാൻ കഴിയുന്ന സംവിധാനമാണ് e-bill. ഇ-ബിൽ സംവിധാനം നിലവിൽ വന്നെങ്കിലും ബില്ലിന്റെ ഫിസിക്കൽ കോപ്പി ട്രഷറിയിൽ സമർപ്പിക്കുന്നത് നിർത്തലാക്കിയിട്ടില്ല. പേപ്പർലസ് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ആദ്യ പടിയായി ധനകാര്യ വകുപ്പിലും, ട്രഷറി വകുപ്പിലും (ഒക്ടോബർ മാസത്തെ ശമ്പളം) 01/11/2019 മുതൽ സ്പാർക്ക് ബില്ലിന്റെ ഫിസിക്കൽ കോപ്പി ട്രഷറിയിൽ സമർപ്പിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. താമസംവിനാ ഈ സമ്പ്രദായം എല്ലാ സർക്കാർ വകുപ്പുകളിലും നടപ്പാക്കുന്നതാണ്. |
| (ബി) | ഈ സംവിധാനം നിലവിൽ വരുന്നതോടെ ട്രഷറി ബിൽ ബുക്ക് നിർത്തലാക്കുമോ; | ട്രഷറി ബിൽ ബുക്ക് നിർത്തലാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് നമ്പർ 69/2019/ധന തീയതി 20/06/2019 പ്രകാരം ഉത്തരവായിട്ടുണ്ട്. 01/07/2019 മുതൽ ട്രഷറികളിൽ ബില്ലിനോടൊപ്പം ബിൽ ബുക്ക് സമർപ്പിക്കേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ഇ-ബിൽ തയ്യാറാക്കി അയയ്ക്കാനുള്ള ആപ്ലിക്കേഷനും സംവിധാനങ്ങളും ബന്ധപ്പെട്ട സോഫ്റ്റ് വെയറിൽ ലഭ്യമാണോ; | നിലവിൽ Spark, Bims, Saankhya, Emli ആപ്ലിക്കേഷനുകൾ മുഖേനയാണ് ട്രഷറികളിലേക്ക് ബിൽ ഇ-സബ്മിറ്റ് ചെയ്തുവരുന്നത്. ഈ ആപ്ലിക്കേഷനുകളിൽ എല്ലാംതന്നെ ഇ-ബിൽ തയ്യാറാക്കി ട്രഷറിയിലേക്ക് സമർപ്പിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |
| (ഡി) | സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ഇ-ബിൽ സംവിധാനം നടപ്പാക്കുമ്പോൾ അതിനനുസൃതമായ ഭൗതിക സൗകര്യങ്ങളും ജീവനക്കാരെയും ഐ.ടി സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | മറ്റ് ഓഫീസുകളിൽ നിന്നും സമർപ്പിക്കുന്ന ഇ-ബിൽ സ്വീകരിക്കുന്നതിനാവശ്യമായ സംവിധാനം ട്രഷറി സോഫ്റ്റ് വെയറിലുണ്ട്. പ്രത്യേകിച്ച് ജീവനക്കാരും ഭൗതിക സൗകര്യങ്ങളും ഇതിനാവശ്യമില്ല. എല്ലാ ട്രഷറി ജീവനക്കാർക്കും ഇ-ബിൽ സംവിധാനത്തെക്കുറിച്ചുള്ള പരിശീലനം നൽകിയിട്ടുണ്ട്. |

Manju.C

സെക്ഷൻ ഓഫീസർ